| S001 | CO |
|---|---|

# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

No.VLC1-38872/2019(A&VB4) ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ,ഫോർട്ട് ,
തിരുവനന്തപുരം,തീയതി :23.08.2023

## കാരണം കാണിക്കൽ നോട്ടീസ്

എറണാകുളം യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ.ജസ്റ്റിൻ.കെ.ബേബി എന്ന താങ്കൾ 16.04.2019 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല.യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും,മേലധികാരികളിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങാതെയും ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതും കോർപ്പറേഷന്റെ അനുമതി വാങ്ങാതെ വിദേശത്ത് പോയതും കുറ്റകരമാണ്. ആയത് ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ എറണാകുളം യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ.ജസ്റ്റിൻ.കെ.ബേബി എന്ന താങ്കൾക്ക് 1960 –ലെ കേരളാ സിവിൽ സർവ്വീസ് (തരം തിരിവും ,നിയന്ത്രണവും അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 01.12.2021 തീയതിയായി കുറ്റപത്രം നൽകുകയുണ്ടായി.

കുറ്റപത്രത്തിന് 24.03.2021 തീയതിയായി താങ്കൾ മറുപടി നൽകി. ടി മറുപടി തൃപ്തികരമല്ല.തുടർന്ന് ഫയൽ ചട്ടപ്രകാരമുള്ള വിശദാന്വേഷണത്തിനായി ആലുവ യൂണിറ്റധികാരിയ്ക്ക് കൈമാറുകയും, അന്വേഷണ ഉദ്യോഗസ്ഥൻ താങ്കളെ കുറ്റക്കാരനായി കണ്ടെത്തി 02.07.2022 തീയതിയായി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.ടി റിപ്പോർട്ടിന്റെ പകർപ്പ് 01.08.2022 തീയതിയായി താങ്കൾക്ക് അയച്ച് നൽകുകയും, ആയത് കൈപ്പറ്റിയതായുള്ള അക്നോളജ്മെന്റ് കാർഡ് ലഭിച്ചിട്ടുള്ളതും മറുപടി സമർപ്പിച്ചിട്ടില്ലാത്തതുമാണ്.

താങ്കൾ നൽകിയ വിശദീകരണവും , ഫയലും ,അനുബന്ധരേഖകളും വിശദമായി പരിശോധിച്ചു.ദീർഘകാലം അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിന് തൃപ്തികരമായ വിശദീകരണം നൽകുന്നതിൽ താങ്കൾ പരാജയപ്പെട്ടു 16.04.2019. മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിലൂടെ താങ്കളുടെ സേവനം ദീർഘകാലമായി കോർപ്പറേഷന് ലഭിക്കാതിരിക്കുകയും, താങ്കളുടെ മേൽ പ്രവൃത്തി ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുള്ളതാണ് . ഗുരുതരമായ കൃത്യവിലോപവും,അവധി ചട്ടങ്ങളുടെ ലംഘനവുമാണ് താങ്കളുടെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത്. പ്രസ്തുത കുറ്റത്തിന്കഠിനമായ ശിക്ഷയ്ക്ക് താങ്കൾ അർഹനുമാണ്. ആകയാൽ ശ്രീ.ജസ്റ്റിൻ.കെ.ബേബി എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും ,നിയന്ത്രണവും ,അപ്പീലും)ചട്ടങ്ങളിലെ ചട്ടം 11(vii) പ്രകാരം കോർപ്പറേഷന്റെ സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

ഈ ശിക്ഷ ശ്രീ.ജസ്റ്റിൻ.കെ.ബേബി എന്ന താങ്കളിൽ ചുമത്തപ്പെടാതിരിക്കാനുള്ള എതിർവാദങ്ങളടങ്ങിയ വിശദീകരണം ഈ നോട്ടീസ് കിട്ടുന്ന തീയതി മുതൽ 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നിശ്ചിത ദിവസത്തിനകം കിട്ടുന്ന ഏതൊരു വിശദീകരണവും അന്തിമ തീരുമാനമെടുക്കുന്നതിന് മുൻപ് പരിഗണിക്കുന്നതാണ് . എതിർ വാദങ്ങളടങ്ങിയ വിശദീകരണം നിശ്ചിത ദിവസത്തിനകം ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് എതിർവാദങ്ങളോ ,വിശദീകരണമോ നല്കുവാനില്ലയെന്നു അനുമാനിക്കുന്നതും അനന്തര നടപടി കൈക്കൊള്ളുന്നതുമാണ്.

എ ഷാജി
( ഗവ : ജോയിന്റ് സെക്രട്ടറി )
എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്)

സ്വീകർത്താവ്

ശ്രീ.ജസ്റ്റിൻ .കെ.ബേബി ,ജൂനിയർ അസിസ്റ്റന്റ്,എറണാകുളം
(ജില്ലാധികാരി എറണാകുളം മുഖാന്തിരം)

പകർപ്പ് : ജില്ലാ അധികാരി എറണാകുളം - ടി നോട്ടീസ് ടിയാന് കൈമാറി
കൈപ്പറ്റിയതായി മറ്റൊരു പകർപ്പിൽ തീയതിവച്ച് ഒപ്പിട്ട്,
തിരിച്ചയക്കേണ്ടതാണ്